# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3069 — 18-10-2016-ൽ മറുപടിക്ക്

## കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ ഇൻക്യുബേഷൻ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. യുടെ കീഴിൽ ഇൻക്യുബേഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ടോ ; | (എ) യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് കാമ്പസിലും അങ്കമാലി ഇൻകെൽ കാമ്പസിലും ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സെന്ററുകളിൽ നടക്കുന്നത്; വിശദീകരിക്കുമോ ;<br>(സി) ഇൻക്യുബേഷൻ സെന്ററുകൾ സ്റ്റാർട്ട് അപ്പുകൾക്ക് എന്തെല്ലാം സഹായമാണ് നൽകുന്നത് ; | (ബി) & (സി) യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി രണ്ട് ഇൻക്യുബേഷൻ സെന്ററുകൾ കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ കാക്കനാട്ടുള്ള ഇൻഫോപാർക്ക് കാമ്പസിൽ 4600 ചതുരശ്രയടി വിസ്തൃതിയിലും, അങ്കമാലി ഇൻകെൽ കാമ്പസിൽ 5000 ചതുരശ്രയടി വിസ്തൃതിയിലുമാണ് ഈ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥിതി ചെയ്യുന്നത്. സംരംഭകത്വ മേഖലയിലേക്ക് കടന്നുവരുന്ന യുവ സംരംഭകർക്ക് സംരംഭകത്വ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള ഓഫീസ് സംവിധാനങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, മറ്റ് അടിസ്ഥാനാവശ്യങ്ങൾ എന്നിവ തുച്ഛമായ നിരക്കിൽ നിശ്ചിത കാലയളവിൽ |

ഇൻക്യുബേഷൻ സെന്ററുകൾ മുഖേന ലഭ്യമാക്കുന്നു. ഇതുവഴി യുവസംരംഭകർക്ക് സംരംഭത്തിന്റെ പ്രാഥമിക ഘട്ടം കുറഞ്ഞ ചെലവിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നു.

കാക്കനാട്ടുള്ള ഇൻക്യുബേഷൻ സെന്ററിൽ വിവിധ മേഖലകളിലെ 18 സംരംഭങ്ങളും, അങ്കമാലിയിലെ ഇൻക്യുബേഷൻ സെന്ററിൽ ഐ.ടി. ഇതരമേഖലകളിലെ 5 സംരംഭങ്ങളും പ്രവർത്തിക്കുന്നു. കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന യുവ സംരംഭകർക്കായി സംരംഭകത്വ വികസന രംഗത്തെ പ്രമുഖ സ്ഥാപനങ്ങളേയും, വ്യക്തികളേയും പങ്കെടുപ്പിച്ച് മാർഗ്ഗനിർദ്ദേശക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഈ സെന്ററുകൾക്ക് സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ഡി) കെ.എസ്.ഐ.ഡി.സി.യുടെ കീഴിൽ കാക്കനാട് പ്രവർത്തിക്കുന്ന ഇൻക്യുബേഷൻ സെന്ററിന് സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ